# ഗവ.ട്രൈബൽ ഹൈസ്കൂൾ മീനാങ്കൽ

## ഡിജിറ്റൽ മാഗസിൻ 2019-20

# ഗ്രാമോദയം



# ഉള്ളടക്കം

1.നീറുന്ന ഓർമ്മകൾക്ക് രണ്ടാണ്ട്

2.ജ്ഞാനപീഠ പുരസ്കാര നിറവിൽ കേരളം

3.പ്രണയിനി

4.ബാലികയുടെ മനോബലം

5.ആ മഴക്കാലം

6.ഞാൻ കണ്ട കാഴ്ച്ചകൾ

7.തേനും വണ്ടും

8.എന്റെ പ്രകൃതി

9.ഓർമ്മ

10.വിവരണം

11.ക്വിസ്

12.ചോദ്യവും ഉത്തരവും

13. പഴഞ്ചൊല്ല്

ലേഖനം

# നീറുന്ന ഓർമ്മകൾക്ക് രണ്ടാണ്ട്

കേരളത്തിലെ ഒരു വിഭാഗം ജനങ്ങളുടെ ജീവിതവും സ്വപ്നവും തകർത്തെറിഞ്ഞ ഓഖി ദുരന്തത്തിന് രണ്ടു വയസ്സ്.2017 നവംബർ 29 രാത്രിയിൽ അറബിക്കടലിൽ വീശിയടിച്ച ചുഴലിക്കാറ്റ് ധാരാളം മത്സ്യതൊഴിലാളികളുടെ ജീവൻ അപകരിച്ചു.തങ്ങളുടെ പ്രിയപ്പെട്ടവരെ ഒരു നോക്ക് കാണാൻ പോലും കഴിയാതെ അവരുടെ സ്മരണകളിൽ മുഴുകി കഴിയുന്ന ധാരാളം കുടുംബങ്ങൾ ഉണ്ട്.ദുരന്തത്തിന്റെ അനന്തരഫലങ്ങൾ പേറി ജീവിക്കുന്ന ധാരാളം പേർ ഇന്നും ഇവിടെയുണ്ട്.

ദുരന്തം നിരവധിപേരെ വിധവളാക്കി.മക്കളെ നഷ്ടപ്പെട്ട മാതാപിതാക്കൾ,പിതാവിനെ നഷ്ടപ്പെട്ട കുട്ടികൾ,സഹോദരങ്ങളെ നഷ്ടപ്പെട്ട സഹോദരിമാർ എന്നിവർ ജീവിതം തള്ളിനീക്കാൻ നന്നേ പാടുപെടുന്നു.ദുരന്തത്തിന്റെ ഭീതി ഇപ്പോഴും ഈ പ്രദേശങ്ങളിൽ നിലനിൽക്കുന്നു.പലരും ഇപ്പോൾ കടലിൽ പോകാൻ ഭയപ്പെടുന്നു.

ദുരന്തനിവാരണ സേനയുംമത്സ്യതൊഴിലാളികളും രക്ഷാപ്രവർത്തനത്തിന് നന്നായി സഹകരിച്ചു.തങ്ങളുടെ ജീവൻ പോലും പണയം വച്ചുകൊണ്ടാണ് അവർ പ്രവർത്തിച്ചത്.ഇനിയൊരു ദുരന്തംഉണ്ടാകാതിരിക്കാൻ നമുക്ക് പ്രാർത്ഥിക്കാം.ദുരന്തത്തിൽ ജീവൻ പൊലിഞ്ഞവർക്ക്ഒരു കോടി കണ്ണീർ പ്രണാമം

ഗൗരിപ്രിയ.പി.എസ്

സ്റ്റാൻഡേർഡ്.IX

ലേഖനം

# ജ്ഞാനപീഠ പുരസ്കാര നിറവിൽ കേരളം

മലയാള കവി അക്കിത്തം അച്യുതൻ നമ്പൂതിരിക്ക് 55-മത് ജ്ഞാനപീഠ പുരസ്കാരം ലഭിച്ചു.ജ്ഞാനപീഠം നേടുന്ന ആറാമത്തെ മലയാളിയാണ് അദ്ദേഹം.1965 ൽ ജി.ശങ്കരകുറുപ്പ്,1980 ൽ എസ്.കെ .പൊറ്റക്കാട്,1984 ൽ തകഴി ശിവശങ്കരപിള്ള,1995 ൽ എം.ടി.വാസുദേവൻ നായർ,2007 ൽ ഒ.എൻ.വി.കുറുപ്പ് എന്നിവരാണ് ഇതിനു മുമ്പ് ജ്ഞാനപീഠം നേടിയ മലയാളികൾ. വെളിച്ചത്തിന്റെ ദുഃഖവും തമസിന്റെ സുഖവും മലയാളിക്ക് ചൊല്ലി തന്ന കവി ശ്രേഷ്ഠനാണ് അക്കിത്തം.മലയാള കവിതയിൽ പാരമ്പര്യത്തിനും ആധുനികതക്കുമിടയിൽ പാലമായി നിന്ന അക്കിത്തം സാഹിത്യത്തിനു നൽകിയ സമഗ്ര സംഭാവന പരിഗണിച്ചാണ് ജ്ഞാനപീഠം നൽകിയത്.മനുഷ്യ സ്നേഹമാണ് സാഹിത്യത്തിന്റെ കേന്ദ്രബിന്ദു എന്നു വിശ്വസിക്കുകയും അത് ലോകത്തോട് വിളിച്ചു പറയുകയും ചെയ്തു മഹാപ്രതിഭയാണ് അദ്ദേഹം.അളവില്ലാത്ത ആർദ്രത പ്രതിഫലിക്കുന്നവയാണ് അദ്ദേഹത്തിന്റെ കവിതകൾ.

സാഹിത്യവും ശാസ്ത്രവും കമ്മ്യൂണിസവും വേദാന്തവും ഒരു മനുഷ്യനിൽ സംഗമിച്ചതാണ് അക്കിത്തം.ഇവയെല്ലാം സംഗമിച്ച് സമഗ്രരൂപം കൈകൊണ്ട മഹാപ്രപഞ്ചമാണ് അദ്ദേഹത്തിന്റെ കവിതകൾ.

അനന്യ.എ.എസ്

കഥ

# പ്രണയിനി



മഴ എന്റെ സ്വപ്നങ്ങൾക്ക് കൂടുതൽനിറങ്ങൾ നൽകുന്നു.പല നിറങ്ങളിൽ പല ഭാവങ്ങളിൽ അവളെന്നിൽ നിറയിന്നു.ആർത്തലക്കുന്ന മഴയുടെ സംഹാര താണ്ടവത്തിലലിയുന്ന രോദനങ്ങൾ.......കാലം തെറ്റിയുള്ള അവളുടെ ഈ വരവ് എന്തിനു വേണ്ടിയാണ്?....ഏകാന്തതകളിൽ എന്നോട് പിറുപിറുക്കുന്ന എന്റെ ദുഃഖങ്ങളിൽ സംഹാരതാണ്ഡവമാടുന്ന.....എന്റെ പ്രിയപ്പെട്ടവൾ....എല്ലാറ്റിനും സാക്ഷി അവളായിരുന്നു......ആ കുളിർമ്മ.....സ്വരതാളലയങ്ങളാൽ സമൃദ്ധമായ അവളുടെ സംഗീതസദ്യ.....പുതുമഴയാൽ മണ്ണിനേകുന്ന നേർത്ത സുഗന്ധം എന്നെയേതോ മായാലോകത്തിലെത്തിച്ച

രാജകുമാരി....ആകും അവൾ....മഴത്തുള്ളിയായി അലിഞ്ഞു ചേരാൻ.....വീണ്ടുമീ പലരികളിൽ അവളുടെ ആഗമനത്തിനായ്...ആപ്രണയ സായൂജ്യത്തിനായ്....ഒരു തപസ്വിനിയായ്.......

മഴയുടെ നാദം സ്വരവീചികളായ് ആർത്തലയ്ക്കുന്നു.ഭ്രാന്തമായ താഴപ്പെരുമയിൽ ലയിച്ച് മണ്ണിനോടുള്ള മടക്കയാത്ര അവാച്യമായൊരു അനുഭൂതിയാണത്.ആർത്തിയോടെ മഴവെള്ളത്തെ തന്നിലേക്കാവാഹിക്കുന്ന മണ്ണും മരങ്ങളും..........അതിനകമ്പടിയായി തവളകളുടെ ആഹ്ലാദാരവങ്ങൾ............മഴക്കുശേഷം ഇലകളിൽ നിന്നിറ്റു വീഴുന്ന വെള്ളത്തുള്ളികൾക്ക് വജ്രതിളക്കം........മഴവില്ലുവിരിയുന്ന ആകാശം.........മഴപെയ്തു തോർന്നു തെളിയുന്ന മാനത്തിന്റെ സൗന്ദര്യം ഒടുവിൽ മഴയിലലിഞ്ഞ എന്റെ അവസാനകോശവും മണ്ണിലേക്ക്.......വീണ്ടും ഒരു മഴക്കാലം എന്നിലേക്കാവാഹിക്കാൻ ഞാൻ ഇനിയുമെത്തും........മറ്റൊരു നാട്ടിൽ.......മറ്റൊരു പേരിൽ......മറ്റൊരു ജന്മത്തിൽ.......

അഭിരാമി.എസ്.എസ്

സ്റ്റാൻഡേർഡ്:IX

# ബാലികയുടെ മനോബലം



നന്ദാവനം കാട്ടിലെ സുന്ദരി പെൺകുട്ടിയുടെ വീടിനു ചുറ്റും മനോഹരമായ ഒരു പൂന്തോട്ടമുണ്ട്.ചെടികളെ സ്നേഹിച്ച അവൾ അവയുടെ പരിചരണത്തിൽ അതീവ തല്പരയായിരുന്നു.അവയ്ക്ക് വെള്ളവും വളവും നൽകിയതുകൊണ്ട് സമൃദ്ധിയായി പൂത്തുലഞ്ഞു.അവൾ സന്തോഷം കൊണ്ട് തുള്ളി ചാടി.ഒരിക്കൽ ആ പ്രദേശത്ത് ഭയാനകമായ വരൾച്ചയുണ്ടായി.കുടിക്കാൻ പോലും വെള്ളം കിട്ടാത്ത അവസ്ഥ.അവളാകെ വിഷണ്ണയായി.വളരെ അകലയുള്ള അരുവിയിൽ നിന്ന് വെള്ളം ശേഖരിക്കുന്നതിന് അവൾ അമ്മയോടൊപ്പം കൂടി.അരുവിയിലും ക്രമേണ വെള്ളം കുറയാൻ തുടങ്ങി.നിത്യചെലവുകൾക്കു പോലും വെള്ളം തികയാത്തതിനാൽ ചെടികൾ നനയ്ക്കാൻ കഴിഞ്ഞില്ല.ദിവസം കഴിയുന്തോറും ചെടികൾ വാടികരിയാൻ തുടങ്ങി.ആ കുഞ്ഞു മനസ്സ് ദുഃഖം കൊണ്ട് നീറി.

സ്കൂളിൽ നിന്ന് മടങ്ങുന്ന വഴിയിൽ അവൾ വെള്ളം ശേഖരിച്ച് കിലോമീറ്ററുകൾ താണ്ടി വീട്ടിലെത്തിച്ച് തന്റെ ചെടികളെ നനച്ച് സംരക്ഷിച്ചു.ഒരു ദിവസം അവൾ സ്കൂളിൽ

നിന്ന് വീട്ടിലെത്തിയപ്പോൾ കണ്ട കാഴ്ച ഹൃദയഭേദകമായിരുന്നു.തന്റെ വീടും ചെടികളുമെല്ലാം കത്തി കരിഞ്ഞ് ചാമ്പലായിരിക്കുന്നു.കാട്ടു തീ പടർന്നതാണ് കാരണമെന്ന് അവൾ അറിഞ്ഞു.അഗ്നിശമനസേന വന്നാണ് തീ അണച്ചത് എന്നും അമ്മ പറഞ്ഞറിഞ്ഞു.ആ സമയം വീട്ടിൽ ആരും ഇല്ലാതിരുന്നതിനാൽ ആളപായം സംഭവിച്ചില്ല.അതിൽ അവൾക്ക് ആശ്വാസം തോന്നി.എങ്കിലും തന്റെ ചെടികൾ നഷ്ടപ്പെട്ടതോർത്ത് ആ കുഞ്ഞു മനസ്സ് തേങ്ങി.ദിവസങ്ങളോളം അവൾ ആഹാരത്തോട് വിരക്തി കാണിച്ചു.ഒടുവിൽ ആ കുഞ്ഞ് ഒരു തീരുമാനമെടുത്തു.തനിക്ക് നഷ്ടപ്പെട്ടത് തിരികെ കൊണ്ടു വരണം.അതിലേക്കായി അവൾ ശ്രമം തുടങ്ങി.മഴക്കു വേണ്ടി അവൾ പ്രാർത്ഥിച്ചു.ഒടുവിൽ ദൈവം അവളുടെ പ്രാർത്ഥന കേട്ടു..മഴ പെയ്തു.പുതിയ ചെടികൾ നട്ടു പിടിപ്പിച്ചു.അവ പുഷ്പിച്ച് സുഗന്ധം പരത്തി.ആ കുഞ്ഞു ഹൃദയം സന്തോഷത്താൽ നിറഞ്ഞു.

ദൃശ്യപ്രകാശ്

# ആ മഴക്കാലം

കഥ



ഓർമ്മകളിലേക്ക്ഒന്നിറങ്ങിനോക്കുമ്പോൾ ദുഃഖങ്ങൾ മാത്രമാണ്നിറയുന്നത്.ആദിവസം അവളുടെ ജീവിതത്തിലെ ഓർമ്മകളിൽ മായാത്ത ഒന്നാണ്. ജീവിതത്തിലെ അവളുടെ കണ്ണുകളിലെ കണ്ണുനീർവീഴുന്ന ശബ്ദം മഴയുടെ ശബ്ദത്തെ നിശബ്ദമാക്കി ജീവിതത്തിലെ എല്ലാം അവസാനിച്ചു എന്നു തോന്നി പോയി . അവൾ അന്ന് അനാഥയായി . ജീവിതത്തിലെ ദാരിദ്ര്യങ്ങൾ ക്കിടയിലും അവൾ സ്കൂളിൽ പോയി വിദ്യാഭ്യാസം ചെയ്തു .

**രോഗിയായ അമ്മയേയും മദ്യപാനിയായ അച്ഛനേയും അവൾ തന്റെ ആവശ്യങ്ങൾ പറഞ്ഞ് ഒരിക്കലും വിഷമിപ്പിച്ചില്ല . ക്ലാസ്സിൽ ഒന്നാമതായിരുന്ന അവളുടെ ആഗ്രഹം പഠിച്ച് ഒരു ജോലി വാങ്ങിച്ച് തന്റെ അമ്മയുടെ രോഗം പെട്ടെന്ന്**

**മാറ്റണം എന്നായിരുന്നു .പഠിച്ചുകൊണ്ടിരുന്ന മീനുക്കുട്ടിയെ ടീച്ചർ വിളിച്ചു . ആദ്യമായി ആണ് മീനുക്കുട്ടി ടീച്ചറിന്റെ മുഖത്ത് ഇത്രയും ദു:ഖവും, വേദനയും കാണുന്നത്. വേദന കൊണ്ടു ടീച്ചറിന്റെമുഖമാകെ വിങ്ങിയിരുന്നു . ടീച്ചർ പതുക്കെ മീനുക്കുട്ടിയെഅടുത്തേക്ക് വിളിച്ചു പറഞ്ഞു മോളേ നിന്റെ**

അമ്മ നമ്മളിൽ നിന്നെല്ലാം പോയി . അവൾക്ക് കണ്ണുകൾകൊണ്ട് ടീച്ചറിനെ നോക്കാൻ പോലും കഴിയുന്നില്ലായിരുന്നു.കണ്ണുനീർകാർമേഘത്തെപ്പോലെ വെള്ളം കൊണ്ട് നിറഞ്ഞിരുന്നു . അവളെ ഒന്ന്തട്ടിയാൽ ആ വെള്ളം ഈ ലോകത്തെ മുഴുവൻ നനപ്പിക്കും . അവളുടെ ആഗ്രഹം ഒറ്റ നിമിഷം കൊണ്ട്തകർന്നു പോയിരുന്നുഇനി ഒന്നും അവൾക്ക് കാണാൻ കഴിയില്ല എന്നുതോന്നി പ്പോയി. അവളുടെ ബലിഷ്ഠമായ

**കൈകൾ കണ്ണുനീർ തുടക്കാൻ വണ്ണം ചലിക്കുന്നുണ്ടായിരുന്നില്ല . അവൾ പൊട്ടി പൊട്ടി കരഞ്ഞു . ടീച്ചർ അവളെ താങ്ങി എടുത്ത് കൊണ്ടിരുത്തി . അവൾ വീട്ടിലെത്തി . പക്ഷേ അവളുടെ അച്ഛൻ അവിടെയില്ലായിരുന്നു. മദ്യപിച്ച് നടന്ന് അയാൾ അപകടത്തിൽ ആശുപത്രിയിലായി അവൾക്ക് അവളുടെ അമ്മയുടെ ശവത്തിനു മുമ്പിൽ പോയി നിൽക്കാൻപോലും കഴിയുന്നില്ല . അവൾ വലുതായി പഠിച്ച്ന ല്ലൊരു നിലയിലെത്താൻ ഏറ്റവും കൂടുതൽ ആഗ്രഹിച്ചത് അവളുടെ അമ്മയായിരുന്നു . അവളുടെ മനസ്സിൽ ഒരു**

തീരുമാനമുണ്ടായിരുന്നു . അമ്മയുടെആഗ്രഹം നിറവേറ്റണമെന്ന് .

മുറ്റത്ത് അപ്പോൾ അവൾ ഒരു ശബ്ദംകേട്ടു . മണികണ്ഠൻ മരിച്ചു എന്ന് . ഇനിയും കരയാനുള്ള കണ്ണുനീർ ആ കണ്ണുകളിൽ ഇല്ലായിരുന്നു .കാർമേഘത്തിന്റെ വെമ്പൽ പെട്ടെന്നു തന്നെ ഉണ്ടായിരുന്നു . ആ മഴക്കാലം അവൾ അറിയാതെ നനഞ്ഞു . അവൾ ഇപ്പോൾ എവിടെയാണെന്നുപോലും അവൾക്ക് തിരിച്ചറിയാൻ കഴിയുന്നില്ലായിരുന്നു . പുറത്തു പെയ്ത മഴയോക്കാൾ ശക്തമായിരുന്നു അവളുടെ ഉള്ളിലെ മഴ . അത് ഏറെ ദയനീയവും വേദനയും നിറഞ്ഞതാണ് .അവൾക്ക് ദുഃഖം തന്നെയായിരുന്നു . എല്ലാവരും ഓർത്ത് രസിക്കുമ്പോൾ അവളുടെ ഓർമ്മകളിൽഎന്നും ബാല്യം ദുഃഖത്തിന് വഴിയൊരുക്കുക മാത്രമാണ് ചെയ്തത് . അവൾക്ക് ഒർമ്മകളിലേക്ക്പോകാൻ ഇഷ്ടമായിരുന്നു .

ദേവിക സന്തോഷ്


# ഞാൻ കണ്ട കാഴ്ചകൾ




ഞാൻ കണ്ട കാഴ്ചകൾ എത്ര സുന്ദരം
എന്നുംഎന്നും മായാത്ത കാഴ്ചകൾ
നശ്വരതയിൽ നിന്ന് അനശ്വരതയിലേക്ക്
എന്നെ നയിക്കുന്ന സുന്ദരകാഴ്ചകൾ
എന്നും നിലനിൽക്കണമെന്നാഗ്രഹിക്കുന്ന
മനോഹര കാഴ്ചകളായി അവ മാറുന്നു.
.
പ്രകൃതി തൻ ഭംഗിയും കിളികൾ തൻ കൊഞ്ചലും
ചാഞ്ചാടിയാടുന്ന പൂമരതോപ്പുകളും
എന്നും ഉണ്ടാകണമെന്നാഗ്രഹിച്ചു കൊണ്ട്
സ്വപ്നത്തിലാറാടി രസിക്കുന്നു.
എന്നിലെന്നും വികാരമായി പെയ്യുന്ന മഴയിൽ
കുട്ടികൾ തിമിർത്താടി രസിക്കുന്നു.
മയിലുകളുടെ നൃത്തവും കുയിലുകളുടെ നാദവും
ആസ്വദിച്ചാറാടുന്ന സുന്ദരകാലം
പ്രകൃതിയുടെ സുന്ദര കാഴ്ചകളാസ്വദിച്ച ഞാൻ
നിത്യ വിശ്രമം കൊളളാൻആഗ്രഹിക്കുന്നു.

നന്ദനകൃഷ്ണ

# തേനും വണ്ടും




പൂവിലൂറുന്ന തേനിൻമധുരം
നുകരാൻ വണ്ടിൻകൂട്ടം വന്നീടുന്നു
പലഭാഷപോലെപലനിറമാം പൂവിൽനിന്നുകർന്നീടുന്നു
പൂവിൻ സൗന്ദര്യലഹരിയിൽ
ഓരോ വണ്ടും നൃത്തമാടീടുന്നു
പൂന്തോട്ടമാകെ തേനിൻ
വർണ്ണോ[1]ൽത്ഡവകാലം
ഓരോപൂവിലൂറുന്ന തേനിനുംസൗന്ദര്യം
ആ സുന്ദരമാം നിമിഷാനു ഭൃതി[2]യിൽ
ഓരോ മധുരത്തുള്ളി നുകരുമ്പോഴും
എൻ ഹൃദയം അലിഞ്ഞീടുന്നു
തേനിലൂറുന്ന വേള[3]യിൽ
നീയല്ലോ-പൂമ്പാറ്റകൾ
തേനിനായി കൊതിച്ചീടുന്നു
**സൗന്ദര്യത്തിൽ അലിഞ്ഞീടുന്നു**

ജിൻസി

1*വർണ്ണം - നിറം
2* ഭൃതി - ഐശ്യര്യം
3*വേള - സമയം ,അവസരം

# എന്റെ പ്രകൃതി



പ്രകൃതി നമ്മെ എന്തോ
പഠിപ്പിക്കുന്നുണ്ടല്ലൊ ചന്ദ്രനും
സൂര്യനും മേഘങ്ങളും
നിൽക്കുമീ ആകാശത്തിൽ
എന്തൊരു ഭംഗിയാണ്
എന്നാൽ നാം
പ്രകൃതിയെ
നശിപ്പിക്കുകയാമണ്ണ്
പ്ലാസ് റ്റിക്ക് നാം കത്തിക്കുമ്പോൾ
പ്രകൃതി നാശമാകും
അതു നമ്മുടെ ജീവന്
ആപത്താണ്.....
അതു നാം തടയണം
**പ്രകൃതിയെ സംരക്ഷിക്കണം**

**സുറുമി**

# ഓർമ

രാത്രിതൻ നിദ്രയിൽ
നിന്നെ ഞാൻ പുൽകുന്ന
രാത്രികൾ കൂട്ടായങ്ങളിൽ

പഞ്ചവൻ കാട്ടിലെ
പാട്ടിലെ ഈണങ്ങൾ
ഓരോ നിമിഷവും എന്നിൽ തഴുകുന്ന

നിദ്രയിൽ കണ്ടുതാൻ
രാഗലോലമായി
സുഖമിൽ പുൽകുന്ന നിമിഷം

സുന്ദര നിമിഷങ്ങൾ
ആയിരം പ്രാവശമെന്നിൽ
തൊട്ടുന്ന ഈ യാമം
സ്വപ്നമിൽ രാഗമായി

ശ്രുതികൾ ഉണർത്തുന്ന പാവനമാണെന്ന ഓർമ്മ

രാത്രിയിൽ പൂനിലാ
തിങ്കൾതൻ വെളിച്ചത്തിൽ രാഗമായി
ഞാനലിഞ്ഞു
നിദ്രയിൽ പാടിയുണർത്തുന്ന

വാക്കുകൾ ഓർക്കുന്ന പടിമേലേ നിന്നുചിതറിതെറിക്കുന്ന ഓർമകളിലുമെൻ ഏകാന്ത പാഠങ്ങൾ മാത്രം എന്നും

ഏകാന്ത പാഠങ്ങൾ മാത്രം.

# വിവരണം

## തുളസി

നമുക്ക് വളരെ സുപരിചിതവും പാവനവുമായ ഒരു സസ്യവുമാണ് തുളസി.തുളസിയുടെ ശാസ്ത്രനാമം ഒസിമം സാങ്റ്റം ലിൻ എന്നാണ്.

### ഇതര ഭഷാസംജ്ഞകൾ

സംസ്കൃത:മാൻജര,കൃഷ്ണതുളസ,സുരസ,ഗ്രാമ്യ,സുരഭി,ഭ്രതഘ്നി,ദേവദുന്ദുഭി

ഹിന്ദി :തുലസി

ബംഗാളി :തുളസി

തമിഴ് :തുളചി

തെലുഗു :തുളുചി

### വിതരണം

ഇന്ത്യയിലുടനീളം കണ്ടുവരുന്നു.പ്രത്യേകിച്ച് ഹിന്ദുഗ്രഹങ്ങളിലും ക്ഷേത്രപരിസരത്തും നട്ടുവളത്തുന്നു.

രസാദിഗുണങ്ങൾ ആയുർവേദത്തിൽ

രസം :കഷായം,കടു,തിക്തം

ഗുണം :ലഘു,രൂക്ഷം

വീര്യം :ഉഷ്ണം

വിപാകം :കടു

ഔഷധയോഗ്യഭാഗങ്ങൾ

*ഇല

***പൂവ്**

***ചിലപ്പോൾ സമൂലം**

രൂപവിവരണം

അരമീറ്റർ മുതൽ 1 മീറ്റർ വരെ ഉയരത്തിൽ വളരുന്ന ഔഷധി.ഇലകൾക്ക് 5c.m നീളമുണ്ട്. പുഷ്പങ്ങൾക്ക് ഇരുണ്ട നീലനിറമോ ഇളം പച്ച

**നിറമോ ആണ്.കായ്കൾ ചെറുതാണ്.**

# ക്വിസ്സ്

1 ജനസംഖ്യയിൽ ഇന്ത്യയുടെ സ്ഥാനം ?

3

2 ജനസംഖ്യയിൽ ഇന്ത്യയേക്കാൾ ജനസംഖ്യയുള്ള

മറ്റ് രണ്ട് രാജ്യങ്ങൾ ഏവ ?

.ബംഗ്ളാദേശ്

. ജപ്പാൻ

3 ഇന്ത്യയിൽ അവസാനമായി സെൻസസ്സ്

എടുത്ത വർഷം ?

2011

4 കാഠ്മണ്ഡു ഏത് രാജ്യത്തിൻെറ

തലസ്ഥാനമാണ് ?

നേപ്പാൾ

5 ലോക ഓസോൺ ദിനം ?

സെപ്റ്റംബർ – 16

6 ഹിറ്റ് ലറുടെ ഭരണ സിദ്ധാന്തം ?

നാത്സിസം

7 ഇംഗ്ലീഷ് ഈസ്റ്റിന്ത്യ കമ്പനിയുടെ അവസാന ഗവർണർ ?

കാനിംഗ് പ്രഭു

8 ജർമ്മൻ ഏകാധിപതിയായ ഹിറ്റ് ലർ ഏത് രാജ്യത്താണ് ജനച്ചത് ?

ഓസ്ട്രേലിയ

9 ‘ അമേരിക്കൻ ഗാന്ധി ' എന്നറിയപ്പെടുന്നത് ആര് ?

മാർട്ടിൻ ലൂഥർ കിംങ് ജൂനിയർ

10 സ്വാതന്ത്ര്യത്തിനുമുമ്പ് ബംഗ്ലാദേശ് ഏത് പേരിലാണ് അറിയപ്പെടുന്നത് ?

കിഴക്കൻ പാക്കിസ്ഥാൻ

**11 'ദ് ഡയറി ഓഫ് ഏ യംഗ് ഗേൾ 'ആരുടെ ഡയറിയാണ് ?**

**ആൻ ഫ്രാൻക്ക്**

# ചോദ്യവും ഉത്തരവും

***1. ആസൂത്രണ കമ്മീറ്റി നിലവിൽ വന്നത് എന്ന്?***

***1950***

***2. ആദ്യമായി വ്യാവസായിക നയം രൂപീകരിച്ച വർഷം?***

***1948***

***3. ഇന്ത്യൻ ഭരണഘടന നിലവിൽ വന്ന വർഷം?***

***1950***

***4. നീതി അയോഗ് നിലവിൽ വന്നത്?***

***2015***

5. മലാലയ്ക്ക് സമാധാനത്തിനുള്ള നോബൽ സമ്മാനം കിട്ടിയത് എന്ന്?

2015

6. ആസൂത്രണ കമ്മീഷന് രൂപം നൽകിയത് എന്ന്?

1950

## ക്വിസ്സ്

1. ആദ്യത്തെ കൃതി ?

രാമചരിതം

2. കൃഷ്ണനെ പുകഴ്ത്തിയുള്ള ചെറുശ്ശേരിയുടെ കൃതി ?

കൃഷ്ണഗാഥ

3. സസ്യങ്ങളിലെ ശ്വസനാവയവം ?

ഓക്സിജൻ

4. മനുഷ്യനിലെ ക്രോമസോം സംഖ്യ ?

46

5. വൃക്കയെക്കുറിച്ച് പഠിക്കുന്ന ശാസ്ത്രശാഖ ?

നെഫ്രോളജി

6. വൃക്കതകരാറിലാകുലന്നഅവസ്ഥയിൽ കൃത്രിമ

- വൃക്കയിലൂർടെരക്തംകടത്തിവിട്ട് ശുദ്ധീകരിക്കുന്ന പ്രക്രിയ?
- ഹീമോഡയാലിസിസ്

7. മണ്ണിരയുടെ വിസർജനാവയവം

നെഫ്രീഡിയ

8. മനുഷ്യനിലെ പേശികളുടെ എണ്ണം?

3

ക്വിസ്സ്

1. സസ്യങ്ങളിലെ ശ്വസന വാതകം?

ഓക്സിജൻ

2. മഹോദയപുരത്തിൻെറ മറ്റൊരു പേര്?

കൊടുങ്ങല്ലൂർ

# പഴഞ്ചൊല്ല്

1.വിത്താഴം ചെന്നാൽ പത്തായം നിറയും.

2. വിത്ത് ഗുണം പത്ത് ഗുണം.

3.വേണമെങ്കിൽ ചക്ക വേരിലും കായ്ക്കും.

4.പലത്തുള്ളി പെരുവെള്ളം.

5.ഗതികെട്ടാൽ പുലി പുല്ലും തിന്നും .

6.മിന്നുന്നതെല്ലാം പൊന്നല്ല.

7.എല്ലുമുറിയെ പണിചെയ്താൽ പല്ലുമുറിയെ തിന്നാം.

8.സ്വർണ്ണം കായ്ക്കുന്ന മരമായാലും പുരക്കുമീതെ ചാഞ്ഞാൽ വെട്ടണം.

9.പുകഞ്ഞ കൊള്ളി പുറത്ത.

10.അറിയാത്തപിള്ള ചൊറിയുമ്പോൾ അറിയും.

സാധിക



